**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 219** **10-06-2024 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ ജില്ലാ ആശുപത്രിയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. വി. അൻവർ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | നിലമ്പൂർ ജില്ലാ ആശുപത്രിയുടെ വികസനത്തിനായി ആശുപത്രിയുടെ സമീപമുള്ള സ്കൂളിന്റെ സ്ഥലം വിദ്യാഭ്യാസ വകുപ്പിൽ നിന്നും വിട്ടുകിട്ടുന്നതിനുവേണ്ടി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇക്കാര്യം ആവശ്യപ്പെട്ട് ആരുടെയൊക്കെ നിർദ്ദേശങ്ങളാണ് ആരോഗ്യവകുപ്പിൽ രേഖാമൂലം ലഭിച്ചിട്ടുള്ളതെന്ന വിശദാംശം അറിയിക്കാമോ; | (എ) | നിലമ്പൂർ ജില്ലാ ആശുപത്രിയുടെ വികസനത്തിനായി വിദ്യാഭ്യാസ വകുപ്പിന്റെ സ്ഥലം ലഭ്യമാക്കുന്നതിനായി ജില്ലാമെഡിക്കൽ ഓഫീസിൽ നിന്നും കത്ത് നം. DMOH-MLPM/2299/2023-C1 തീയതി 19.11.2023 പ്രകാരം നിലമ്പൂർ നഗരസഭ സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുള്ളതായി ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർദ്ദേശങ്ങൾ ആരോഗ്യ വകുപ്പ് പരിശോധിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | സ്കൂളിന്റെ സ്ഥലം പൂർണ്ണമായോ ഭാഗീകമായോ വിട്ടുകിട്ടുന്നതിന് വിദ്യാഭ്യാസ വകുപ്പിലേക്ക് ആരോഗ്യ വകുപ്പ് കത്തുകളോ അപേക്ഷകളോ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പുകളും വിശദാംശങ്ങളും ലഭ്യമാക്കാമോ; ഇല്ലെങ്കിൽ കാരണം എന്തെന്ന് വിശദമാക്കാമോ; | (സി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | മേൽ കാര്യം ആവശ്യപ്പെട്ട് നിലമ്പൂർ എം.എൽ.എ ബഹു. ആരോഗ്യ മന്ത്രിയ്ക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; വിദ്യാഭ്യാസ, ആരോഗ്യ, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിമാരുടേയും ഉദ്യോഗസ്ഥരുടേയും സംയുക്ത യോഗം ഇതിനായി വിളിച്ച ചേർക്കുന്നതിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | നിലമ്പൂർ എം.എൽ.എ ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനത്തിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ ജില്ലാ മെഡിക്കൽ ഓഫീസർ മലപ്പുറത്തിന് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച യോഗം വിളിച്ചു ചേർക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ